# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: kSA IDK 12/1105/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/02/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSA IDK 12/1105/2021 തീയ്യതി: 04/02/2022

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി.ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 22-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 22-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശശികല മുരുകേശൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഇ.എം അസീസ്,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-06-2019 |
| ശ്രീ ജോൺ റോഡ്രിഗ് ഗീക്ക് | സെക്രട്ടറി | 24-06-2019 | 11-07-2019 |
| ശ്രീ ബിജു പി.വി | സെക്രട്ടറി | 12-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ.എം അസീസ് | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ അബ്ദുൾ സമദ് പി.എസ് | അസി. എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ.എസ് പ്രവീൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ബെറ്റ്സി മരീന ജോൺ | കൃഷി ഓഫീസർ | 01-04-2019 | 27-11-2019 |
| ശ്രീമതി ആഷ ശശി | കൃഷി ഓഫീസർ | 28-11-2019 | 31-03-2020 |
| ശ്രീമതി മറിയാമ്മ കെ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ മുരുകേശൻ എസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ സന്ദീപ് ടി.എസ് | വി.ഇ.ഒ | 01-04-2019 | 26-10-2019 |
| ശ്രീമതി രമ്യ വി | വി.ഇ.ഒ | 27-10-2019 | 31-03-2020 |
| ഡോ. ആൽബെർട്ട് ജെ. റ്റി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 11-04-2019 |
| ഡോ. മുജീബ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12-04-2019 | 30-07-2019 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 31-07-2019 | 31-03-2020 |
| ഡോ. ശ്രീജിത് ശിവൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-3 |
| 4 | റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 57.77 ശതമാനം മാത്രം- 87.08 ലക്ഷം ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-3-1 |
| 5 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 63.78 ശതമാനം മാത്രം-24.81 ലക്ഷം ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-3-2 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-02-2022) | 1-3-3 |
| 7 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 04-02-2022) | 1-8 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9-1 |
| 14 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9-2 |
| 15 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9-3 |
| 16 | ടെണ്ടർ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9-4 |
| 17 | വായ്പ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-9-5 |
| 18 | വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-10 |
| 19 | വിവിധ നികുതി-നികുതിയിതര വരുമാനങ്ങൾ-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തമില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-11 |
| 20 | വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-12 |
| 21 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 23-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-13 |

| | | |
|---|---|---|
| 22 | വക്കീൽ ഫീസ് രണ്ടു തവണ നല്കി - ചെലവ് നിരാകരണം ₹15,000/-<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-01-2022) | 1-14 |
| 23 | 40 ഏക്കർ പാറത്തോട് റോഡ് - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം അധികം തുക ചെലവഴിച്ചു<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-15 |
| 24 | പ്ലാത്തോട്ടംപടി റോഡ് - ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-16 |
| 25 | ഈട്ടിച്ചുവട് സി.എസ്.ഐ. പള്ളി റോഡ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-17 |
| 26 | പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-18 |
| 27 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം -എസ്റ്റിമേറ്റ് അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-19 |
| 28 | സോളിഡ് വേസ്റ്റ് ഡിസ്പോസർ വാങ്ങൽ - ഗുണഭോക്തൃവിഹിതത്തിന് പകരം വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Benny Mathew (Auditor, On 18-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-20 |
| 29 | ലൈഫ് ഭവന പദ്ധതി - നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ<br>Written By: Benny Mathew (Auditor, On 20-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-02-2022) | 1-21 |
| 30 | തൊഴിലുറപ്പ് പദ്ധതി ടെണ്ടറിംഗ്<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-02-2022) | 1-22 |
| 31 | അശോക വനം അംഗൻവാടിക്ക് ടോയ്‌ലറ്റ് നിർമ്മാണം - ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 20-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-23 |
| 32 | 'ഹരിതചോല' – ക്രമവിരുദ്ധമായി നടപ്പാക്കിയ പദ്ധതി പരാജയം - ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-24 |
| 33 | റവന്യൂ ഭൂമി സർവ്വേ ചെയ്യുന്നതിനുള്ള ചെലവ് സർക്കാർ അനുമതി കൂടാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവ്വഹിച്ചു - ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 28-01-2022) | 1-25 |
| 34 | പൊതു മരാമത്ത് റോഡിന്റെ നിർമ്മാണോദ്ഘാടനത്തിന് അനൗൺസ് മെന്റ് ചാർജ് പഞ്ചായത്ത് ഫണ്ടിൽനിന്നും നല്കിയിരിക്കുന്നു- ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 24-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഈട്ടിച്ചുവട് സി.എസ്.ഐ. പള്ളിപ്പടി റോഡ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 3-1 |
| 2 | 40 ഏക്കർ പാറത്തോട് റോഡ് - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം അധികം തുക ചെലവഴിച്ചു<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-02-2022) | 3-2 |
| 3 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം-എസ്റ്റിമേറ്റ് അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 3-3 |
| 4 | അശോകവനം അംഗൻവാടിക്ക് ടോയ്‌ലറ്റ്-ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 3-4 |
| 5 | പ്ലാത്തോട്ടംപടി റോഡ് - ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തത് | 3-5 |

| | | |
|---|---|---|
| | മൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | |
| 6 | സോളിഡ് വേസ്റ്റ് ഡിസ്പോസർ വാങ്ങൽ-ഗുണഭോക്തൃ വിഹിതത്തിന് പകരം വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Benny Mathew (Auditor, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 28-01-2022) | 3-6 |
| 7 | വക്കീൽ ഫീസ് രണ്ടു തവണ നല്കി - ചെലവ് നിരാകരണം ₹15,000/-<br>Written By: Benny Mathew (Auditor, On 24-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 28-01-2022) | 3-7 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 22-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

15-02-2019-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹64,74,419/- മുന്നിരിപ്പും ₹19,12,58,067/- വരവും ₹19,44,94,682/- ചെലവും ₹32,37,804/- നീക്കിയിരിപ്പുമുള്ള ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ ബജറ്റ് 23-02-2019-ലെ 1(2) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 26.05.2020 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 24546000 | 24546000 | 24017372 | 528628 | 97.85 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3929000 | 3929000 | 3206165 | 722835 | 81.6 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1491000 | 1491000 | 1218470 | 272530 | 81.72 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 13689018 | 13689018 | 8123924 | 5565094 | 59.35 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 20622000 | 20622000 | 11913481 | 8708519 | 57.77 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 6851100 | 6851100 | 4369627 | 2481473 | 63.78 |
| ടോട്ടൽ സാനിറ്റേഷൻ | 1900103 | 251061 | 2151164 | 0 | 2151164 | |
| ഐ.സി.ഡി.എസ്. | 1902347 | 570689 | 2473036 | 657971 | 1815065 | |
| വെള്ളപ്പൊക്കം | 0 | 0 | 125000 | 0 | 125000 | |
| ശുചിത്വ മിഷൻ | 560048 | 0 | 560048 | 560048 | 0 | |
| ടോട്ടൽ സാനിറ്റേഷൻ | 74728 | 0 | 74728 | 0 | 74728 | |
| എം.എൽ.എ. ഫണ്ട് | 522259 | 0 | 522259 | 522259 | 0 | |
| കേരളോത്സവം | 16600 | 0 | 16600 | 0 | 16600 | |
| ശുചിത്വ മിഷൻ – പെർഫോമൻസ് ഗ്രാന്റ് | 880850 | 120578 | 1001428 | 89000 | 912428 | |
| അഗതിരഹിത കേരളം | 0 | 213400 | 213400 | 213400 | 0 | |
| അംഗൻവാടി മെയിന്റനൻസ്-എസ്.ടി വകുപ്പ് | 108909 | 0 | 108909 | 0 | 108909 | |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം ₹ | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം | വാട്ടർ ചാർജ്ജ് | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 24546000 | 0 | 5029412 | 0 | 0 | 0 | 19516588 |
| വികസനഫണ്ട് (SCP) | 3929000 | 0 | 323529 | 0 | 0 | 0 | 3605471 |
| വികസനഫണ്ട് (TSP) | 1491000 | 0 | 176471 | 0 | 0 | 0 | 1314529 |

## 1-3-1 റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 57.77 ശതമാനം മാത്രം- 87.08 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹2,06,22,000/-ൽ ₹1,19,13,481/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 57.77 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹87,08,519/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21-ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹87,08,519/- ലാപ്സായി.

## 1-3-2 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 63.78 ശതമാനം മാത്രം-24.81 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹68,51,100/-ൽ ₹43,69,627/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 63.78 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച ₹24,81,373/-യുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21-ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹24,81,473/- ലാപ്സായി.

## 1-3-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം. ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

## 1-4 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4700720 | 4 | 4169435 | 0 | 88.7 |
| വെറ്ററിനറി സർജൻ | 7 | 787565 | 7 | 672534 | 0 | 85.39 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 9 | 1940000 | 9 | 1675155 | 0 | 86.35 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 450000 | 1 | 450000 | 0 | 100 |
| വി.ഇ.ഒ. | 9 | 105949000 | 9 | 9001090 | 0 | 8.5 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4642250 | 2 | 2936435 | 3 | 63.25 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 10 | 2160900 | 8 | 1363090 | 2 | 63.08 |
| സെക്രട്ടറി | 26 | 13827401 | 16 | 9328273 | 10 | 67.46 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 65326814 | 73 | 28468037 | 81 | 43.58 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 1662584 | 1 | 410400 | 1 | 24.68 |
| അസി. സെക്രട്ടറി | 2 | 95000 | 1 | 35000 | 1 | 36.84 |
| ആകെ | 229 | 201542234 | 131 | 58509449 | 98 | 29.03 |

പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹20,15,42,234/-ന്റെ 29 ശതമാനമായ ₹5,85,09,449/- മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2088 | 1220380 | 1222468 | 1220288 | 2180 |
| തൊഴിലാളികളുടെ കൂലി-വിദഗ്ദ |  | 867640 | 867640 | 867640 |  |
| തൊഴിലാളികളുടെ കൂലി-അവിദഗ്ദ |  | 33930186 | 33930186 | 33930186 |  |
| സാധനങ്ങൾ |  | 11262954 | 11262954 | 11262954 |  |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 16800 | 2 |
| വിധവാ പെൻഷൻ | 3517800 | 473 |
| വാർദ്ധക്യ കാല പെൻഷൻ | 9476100 | 1196 |
| വികലാംഗ പെൻഷൻ | 862800 | 107 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45600 | 7 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2021-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹7,060/-(ഏഴായിരത്തി അറുപത് രൂപ മാത്രം)യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214-ലെ നിർദ്ദേശങ്ങളനുസരിച്ച് ബജറ്റ് അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വസ്തുനികുതി പിരിച്ചെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ യഥാവിധി പാലിക്കപ്പെടുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ സംവിധാനത്തിലും അപാകതകളുണ്ട്. ലൈസൻസ് ഫീസ് പിരിവിൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ

പാലിച്ചിട്ടില്ല. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കാതിരുന്നതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ₹87,85,019/-യും റോഡിതര ഇനത്തിൽ ₹24,81,373/-യും ഗ്രാമ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

## 1-9 രജിസ്റ്ററുകളുടെ പരിപാലനം

സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകതകളുണ്ട്.

### 1-9-1 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. വർഷാവസാനം ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപങ്ങൾ തിരികെ നൽകുന്നത് വ്യക്തമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലും കൂടാതെയാണ്. അതിനാൽ വാർഷിക കണക്കുകളിലെ കൃത്യത പരിശോധിക്കുന്നതിനും തുകകളുടെ ആധികാരികത ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.

### 1-9-2 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

### 1-9-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഇനം തിരിച്ച് സ്റ്റോക്ക് രേഖപ്പെടുത്തൽ നടത്താത്തതിനാൽ സ്റ്റോക്കുകളുടെ വിവരങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് സാധിക്കുന്നില്ല. ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-9-4 ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, ഇ.എം.ഡി. വിവരങ്ങൾ, ടെണ്ടർ ലഭിച്ചതും തുറന്നതുമായ തീയതികൾ, വിജയിയായ കരാറുകാരന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-9-5 വായ്പ രജിസ്റ്റർ

ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോണിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. അതിനാൽ ലോൺ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല. ലോൺ രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കുകളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ജവഹർ ഭവന പദ്ധതിയ്ക്കായി ചെമ്മണ്ണാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത ലോണിന്റെ വിവരങ്ങൾ വായ്പ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ എന്നിവ തമ്മിൽ വ്യത്യസ്തമാണ്.

## 1-10 വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ്

അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2019 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2019-20 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11 വിവിധ നികുതി-നികുതിയിതര വരുമാനങ്ങൾ-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തമില്ല

വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ ആധികാരികത വ്യക്തമല്ല. വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ ₹ | | | രജിസ്റ്റർ ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം) – തൻവർഷം | 1563032 | 1058743 | 480275 | ഡി.സി.ബി ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികം) -കുടിശിക | 477810 | 477912 | 22656 | ഡി.സി.ബി ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികേതരം) - തൻവർഷം | 2347838 | 1546752 | 762939 | ഡി.സി.ബി ലഭ്യമല്ല | | |
| വസ്തു നികുതി (ഗാർഹികേതരം) - കുടിശിക | 1551937 | 132794 | 1425466 | ഡി.സി.ബി ലഭ്യമല്ല | | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ (തൻവർഷം) | 512030 | 519530 | 0 | 427900 | 427900 | 0 |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ (കുടിശിക) | 0 | 11000 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് (തൻവർഷം) | 286600 | 286600 | 0 | 250600 | 250600 | 0 |
| വാടക-കുടിശിക | 11650 | 18896 | 0 | 18896 | 18896 | 0 |

വസ്തു നികുതി ഡിമാന്റ്, പിരിവ് എന്നിവയ്ക്കായി തയ്യാറാക്കിയിട്ടുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ സാമ്പത്തിക വർഷത്തെ ഡി.സി.ബി/കുടിശിക ഡി.സി.ബി രജിസ്റ്ററുകൾ ജനറേറ്റ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഡി.സി.ബി/കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായി പരിപാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2019-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2019 മെയ് മാസമാണ്. സാമ്പത്തിക വർഷം വരവുകൾ അസസ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി

അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-14 വക്കീൽ ഫീസ് രണ്ടു തവണ നല്കി - ചെലവ് നിരാകരണം ₹15,000/-

ശ്രീ. അഗസ്റ്റിൻ ജോസഫ് എന്ന് വ്യക്തി അദ്ദേഹത്തിന്റെ വീടിന് മുന്നിലെ അനധികൃത പാർക്കിംഗിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)20184/19 കേസിലെ എതിർ കക്ഷിയായ ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്തിന് വേണ്ടി ഹാജരായ ശ്രീ. ലിജി ജെ. വടക്കേടം എന്ന അഭിഭാഷകന് 27.11.2019-ലും (വൗച്ചർ നം. 21900624) 19.02.2020-ലും (വൗച്ചർ നം. 51900840) ₹15,000/- വീതം ആകെ ₹30,000/- നല്കിയിട്ടുള്ളതായി കാണുന്നു.

01.11.2019-ൽ പ്രസ്തുത കേസ് പരിഗണനയിലെടുത്ത അന്ന് തന്നെയുണ്ടായ ഇടക്കാല ഉത്തരവിനെ തുടർന്ന് വക്കീൽ ആവശ്യപ്പെട്ട ഫീസ് ₹15,000/- നൽകിയിരുന്നു എന്ന വിവരം സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് മൂലമാണ് 04.02.2020-ൽ ഉണ്ടായ അന്തിമ ഉത്തരവിനെത്തുടർന്ന് വീണ്ടും വക്കീൽ ആവശ്യപ്പെട്ട ഫീസ് ₹15,000/- നല്കാനിടയായത്. പഞ്ചായത്തിന് നഷ്ടമായ ₹15,000/- ബന്ധപ്പെട്ട വക്കീലിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-15 40 ഏക്കർ പാറത്തോട് റോഡ് - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം അധികം തുക ചെലവഴിച്ചു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്റ്റ് നം. | 99/20 | |
| കരാറുകാരൻ | ശ്രീ. മനേഷ് ജേക്കബ്ബ് | |
| അളവ് ബുക്ക് | 147/19-20 | |
| പദ്ധതി അടങ്കൽ | ₹4,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക₹ |
| | 68/22.01.2020 | 431999 |

40 ഏക്കർ പാറത്തോട് റോഡ് എന്ന പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ക്വോട്ട് ചെയ്ത നിരക്കുകൾ താഴെ കൊടുക്കുന്നു

| | |
|---|---|
| ശ്രീ. നോബി ജോർജ്ജ് | 10.1% കുറവ് |
| ശ്രീ. മനേഷ് ജേക്കബ്ബ് | 4% കുറവ് |

എസ്റ്റിമേറ്റ് നിരക്കായ ₹4.01.784/-യിൽ നിന്നും 10.1% കുറവ് രേഖപ്പെടുത്തിയ ശ്രീ. നോബി ജോർജ്ജിന് നൽകാതെ 4% രേഖപ്പെടുത്തിയ ശ്രീ. മനേഷ് ജേക്കബ്ബിനാണ് പ്രവൃത്തി നിർവ്വഹണ ചുമതല നൽകിയിരിക്കുന്നത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നോബി ജോർജ്ജിന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം ₹27,451/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക ₹ | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചിരുന്നെങ്കിൽ |
|---|---|

| | | അനുവദിക്കാമായിരുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 401784 | ആകെ പ്രവൃത്തിമൂല്യം | 401784 |
| (-)4% ടെണ്ടർ കിഴിവ് | 16071 | (-)10.1 ടെണ്ടർ കിഴിവ് | 40580 |
| | 385713 | | 361204 |
| (+)12% ജി.എസ്.ടി | 46286 | (+)12% ജി.എസ്.ടി | 43344 |
| കരാറുകാരന് നൽകിയ തുക | 431999 | | 404548 |

കരാറുകാരന് ₹27,541/- (431999-404548) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹27,541/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-16 പ്ലാത്തോട്ടംപടി റോഡ് - ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്ട് നം. | 184/20 | |
| കരാറുകാരൻ | ശ്രീ. ജുബിൻ കെ. ജെ. | |
| അളവ് ബുക്ക് | 25/2018-19 | |
| പദ്ധതി അടങ്കൽ | ₹10,00,000/- (സംരക്ഷണ ഗ്രാന്റ് റോഡ്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക ₹ |
| | 18100452013301531869/30.04.2019 | 879617 |

ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയായ ₹8,79,714/-രേഖപ്പെടുത്തിയ ശ്രീ. ജുബിൻ കെ. ജെ. എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് ₹2,062/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക | | കരാറുകാരന് അനുവദിക്കാവുന്ന തുക | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 881777 | ആകെ പ്രവൃത്തിമൂല്യം (ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയത്) | 879715 |
| (-)കാലിവീപ്പയുടെ വില | 2160 (270x8) | (-)കാലിവീപ്പയുടെ വില | 2160 |
| പദ്ധതി ചെലവിനായി പിൻവലിച്ച തുക | 879617 | പദ്ധതിക്കായി പിൻവലിക്കാവുന്ന തുക | 877555 |

കരാറുകാരന് ₹2,062/- (879617-877555) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.12/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,062/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-17 ഈട്ടിച്ചുവട് സി.എസ്.ഐ. പള്ളി റോഡ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്ട് നം. | 62/20 | |
| കരാറുകാരൻ | ശ്രീ. ജുബിൻ കെ. ജെ. | |
| അളവ് ബുക്ക് | 102/2019-20 | |
| പദ്ധതി അടങ്കൽ | ₹2,50,000/- (സംരക്ഷണ ഗ്രാന്റ് റോഡ്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക ₹ |
| | 19100452013300887286/29.11.2019 | 219922 |

എസ്റ്റിമേറ്റ് തുകയായ ₹2,23,135/-യിൽ നിന്നും 16.01% കിഴിവ് രേഖപ്പെടുത്തിയ ശ്രീ. ജുബിൻ കെ. ജെ. എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയതിലെ കുറവ് മൂലം കരാറുകാരന് ₹10,022/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക | | കരാറുകാരന് അനുവദിക്കാവുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 223135 | ആകെ പ്രവൃത്തി മൂല്യം | 223135 |
| (-)12% ടെണ്ടർ കിഴിവ് | 26776 | (-)16.01 ടെണ്ടർ കിഴിവ് | 35724 |
| | 196359 | | 187411 |
| (+)12% ജി.എസ്.ടി | 23563 | (+)12% ജി.എസ്.ടി. | 22489 |
| കരാറുകാരന് നൽകിയ തുക | 219922 | | 209900 |

കരാറുകാരന് ₹10,022/- (219922-209900) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറിനം.7/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹10,022/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിലാണ്.

1. ചെമ്മണ്ണാറിൽ വനിതാ ടോയ്‌ലറ്റ് .

| | |
|---|---|
| പ്രോജക്ട് നം. | 205/20 |
| അടങ്കൽ തുക | ₹5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ബാബു ദേവസ്യ |
| അളവു ബുക്ക് | 34/19-20 |
| കരാർ നം. | 74/19.01.2019 |
| ബിൽ നം. & തുക | 19100452013300376215/24.07.2019 ₹2,97,410/- |

ടോയ്‌ലറ്റ് നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ മുഴുവൻ പ്രവൃത്തിയിനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹2,97,410/- കൈപ്പറ്റി 2 വർഷം കഴിഞ്ഞിട്ടും തുടർ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

2. കുഴിത്തൊളു കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 197/20 |
| അടങ്കൽ തുക | ₹3,00,000/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ബാബു ദേവസ്യ |
| അളവു ബുക്ക് | 144/19 |
| കരാർ നം. | 92/27.03.2019 |
| ബിൽ നം.&തുക | 1910045201330109535/30.12.2019 ₹1,01,108/- |

കുഴൽ കിണർ നിർമ്മാണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ ടാങ്ക് നിർമ്മാണം, വൈദ്യുതി കണക്ഷൻ എന്നീ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത്.

കഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് പാർട്ട് ബിൽ പ്രകാരം കരാറുകാരൻ ₹1,01,108/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.16/19.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ 2012-ലെ കേരള പൊതുമരാമത്ത് മാന്വൽ ചട്ടം 2116.2.1-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം -എസ്റ്റിമേറ്റ് അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ | |
| പ്രോജക്ട് നം. | 169/20 | |
| കരാറുകാരൻ | ശ്രീ. ജൂബിൻ കെ. ജെ. | |
| അളവ് ബുക്ക് | 548/18 | |
| പദ്ധതി അടങ്കൽ | ₹15,00,000/-<br>(വി.ഫ. ജനറൽ ₹10,00,000/-<br>തനത്ഫണ്ട് ₹5,00,000/-) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക ₹ |
| | 18100452013301573594/30.03.2019 | 799572 |
| | ചെക്ക് നം. 7312314/31.03.2019 | 500000 |

42 ച.മീ വിസ്തീർണ്ണമുള്ള ക്ലാസ് മുറി, 1.8മീ. വീതിയുള്ള വരാന്ത എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഏറ്റവും കുറഞ്ഞ നിരക്കായ ₹12,99,572/- (13.35% കുറവ്) ക്വോട്ട് ചെയ്ത ശ്രീ. ജൂബിൻ കെ. ജെ. എന്ന കരാറുകാരനെ പ്രവൃത്തി നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകമായാണ് കരാറുകാരൻ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ പിന്നീട് കെട്ടിടത്തിന്റെ ഫ്ലോറിംഗ്, വൈറ്റ് വാഷിംഗ്, ജനലുകൾ, വാതിൽ തുടങ്ങിയ 12 ഇനം പ്രവൃത്തികൾ ഒഴിവാക്കി ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കുകൾ ക്വോട്ട ചെയതിട്ടുള്ള പ്രവൃത്തി ഇനങ്ങളാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒഴിവാക്കിയിട്ടുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് അളവിനേക്കാൾ അധികമായി ചെയ്തിട്ടുള്ള പ്രവൃത്തികളുടെ മൂല്യം കണക്കാക്കിയപ്പോൾ കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള 13.35% ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് ₹63,229/- അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ അളവ് | അളവു ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | അധികമായി ചെയ്ത പ്രവൃത്തി യുടെ അളവ് | കരാറുകാരന് നൽകിയ തുക(₹) | കരാറുകാരന് നൽകാവുന്ന തുക(₹) |
|---|---|---|---|---|---|---|
| 1. | Providing&laying In Position Specified Grade Of Reinforced Cement Concrete (5.1.2) | 18.647m3 | 27.883m3 | 9.236m3 | 268429.64 (27.883 @9627/m3) | ₹179515/- (18.647m3 @9627/m3)<br>₹77044.77 (9.236m3 @8341.79/m3) |
| 2. | Reinforced Cement Concrete Work In Walls (5.2.2) | 5.179m3 | 12.923m3 | 7.744m3 | 142153/- (12.923m3 @11000/m3) | ₹56969/- (5.179m3 @11000/m3)<br>₹73812/- (7.744m3 @9531.5/m3) |
| 3. | Reinforced Cement Concrete Work In Beams,suspended Floors (5.3) | 16.145m3 | 19.018m3 | 2.873m3 | 216805.20 (19.018m3 @11400/m3) | ₹184053/- (16.145m3 @11400/m3)<br>₹27518/- (2.873m3 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | @9578.1/m3) |
| 4. | Steel Reinforcement For R.C.C Work (5.22.6) | 3451.245kg | 5377kg | 1925.755kg | 470487.50 (5377kg @87.5/kg) | ₹301984/- (3451.245kg @87.5/kg) ₹146011/- (1925.755kg @75.82/kg) |
| 5. | Centering & Shuttering Including Strutting For Walls (5.9.2) | 29.401m2 | 163.061m2 | 133.66m2 | 89683.55 (163.061m2 @550/m2) | ₹16171/- (29.401m2 @550/m2) ₹63699/- (133.66m2 @476.575/m2) |
| 6. | Centering&shuttering Including Strutting For Suspended Floors, Roofs (5.9.3) | 89.881m2 | 101.456m2 | 11.575m2 | 65946.40 (101.456m2 @650/m2) | ₹58422/- (89.88m2 @650/m2) ₹6519/- (11.575m2 @563.2/m2) |
| 7. | Centering&shuttering Including Strutting For Columns, Pillars (5.9.6) | 43.512m2 | 58.998m2 | 15.486m2 | 41298.60 (58.998m2 @700/m2) | ₹30458/- (43.512m2 @700/m2) ₹9393/- (15.486m2 @606.55/m2) |
| | | | | ആകെ | ₹1294803.8 | ₹1231565 |

കരാറുകാരന് ₹63,238/- അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.10/18.11.2021) മറുപടി നൽകിയിട്ടില്ല. ₹63,238/-ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 സോളിഡ് വേസ്റ്റ് ഡിസ്പോസർ വാങ്ങൽ - ഗുണഭോക്തൃവിഹിതത്തിന് പകരം വികസന ഫണ്ട് ഉപയോഗിച്ചു

| | |
|---|---|
| പദ്ധതി | ഗാർഹിക മാലിന്യ സംസ്കരണം - സോളിഡ് വേസ്റ്റ് ഡിസ്പോസർ (163/20) |
| അടങ്കൽ | ₹1,80,000/-(വികസന ഫണ്ട്, ജനറൽ)<br>₹1,80,000/-(ഗുണഭോക്തൃ വിഹിതം) |
| ബിൽ വിശദാംശങ്ങൾ | 19100452010500035251/05.04.2019 ₹1,79,700/- (വികസന ഫണ്ട്, ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ സോളിഡ് വേസ്റ്റ് ഡിസ്പോസർ വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. കുറഞ്ഞ നിരക്ക് (₹1,797/- ഡിസ്പോസർ) ക്വോട്ട് ചെയ്ത ആലപ്പി ബയോടെക് എന്ന സ്ഥാപനത്തിൽ നിന്നാണ് 100 ഡിസ്പോസർ വാങ്ങിയത്. പദ്ധതി നിർവ്വഹണ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

50% സബ്സിഡി തുക ₹89,850/- (179700x50/100)-യും ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന 50% ഗുണഭോക്തൃ വിഹിതവും ചേർത്ത് വാങ്ങൽ നടത്തേണ്ടിയിരുന്നുവെങ്കിലും പൂർണ്ണമായി വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് വാങ്ങിയത് വഴി ₹89,850/-യുടെ നഷ്ടം സർക്കാർ ഫണ്ടിന് ഉണ്ടായി. ഈ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി ഗ്രാമ പഞ്ചായത്തിൽ ₹54,000/- (45438/1 മുതൽ 45438/54 വരെയുള്ള രസീത് പ്രകാരം) വരവുണ്ട്. ശേഷിക്കുന്ന തുക ₹35,850/-(89850-54000) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുകയും ഉൾപ്പെടെ (5400+35850) സഞ്ചിത നിധിയിൽ ഒടുക്കി സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതാണ്. ലഭിച്ച 100 ഡിസ്പോസറുകൾ സ്റ്റോക്കിലെടുത്തിട്ടില്ലെങ്കിലും 49 എണ്ണത്തിന്റെ വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിതരണം ചെയ്യാത്ത 51 ഡിസ്പോസറുകൾ ഗ്രാമ

പഞ്ചായത്തിന് സമീപമുള്ള കമ്മ്യൂണിറ്റി ഹാൾ ഷെഡിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത പദ്ധതി ആദ്യം 420 പേർക്ക് വേണ്ടിയാണ് വിഭാവനം ചെയ്തതിരുന്നത്. അർഹതാ നിർണ്ണയം പോലുള്ള പ്രാഥമിക മുന്നൊരുക്കം പോലും നടത്താതെ തികച്ചും നിരുത്തരവാദപരമായാണ് പദ്ധതി ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതുമെന്ന് ഇത് വ്യക്തമാക്കുന്നു. അർഹതയുള്ളവരെ കണ്ടെത്തി ഡിസ്പോസറുകൾ വിതരണം ചെയ്യുന്നതുവരെ അവയുടെ വില ₹91,647/-(1797x51)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ലൈഫ് ഭവന പദ്ധതി - നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ

നവകേരളം പദ്ധതിയുടെ ഭാഗമായി, ഏവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം, സ്റ്റേറ്റ് ഷെയർ, KURDFC വായ്പ എന്നിവ സമന്വയിപ്പിച്ച് ഗ്രാമ പഞ്ചായത്തുകൾ മുഖേന ബഹു. കേരള സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് ലൈഫ് (LIFE).

ഭവന നിർമാണത്തിന് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണ പുരോഗതിയുടെ വിവിധ ഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന രീതിയിലാണ് ഫണ്ട് വിതരണം ചെയ്യുന്നത്.

| ഇനം | അനുവദിക്കുന്ന തുക (₹) | സബ്സിഡിയുടെ ശതമാനം |
|---|---|---|
| കരാർ ചമയ്ക്കുമ്പോൾ | 40000 | 10 % |
| തറയുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 160000 | 40 % |
| കട്ടിള നിരപ്പെത്തുമ്പോൾ | 100000 | 25 % |
| മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 60000 | 15 % |
| എല്ലാ അർത്ഥത്തിലും നിർമാണം പൂർത്തീകരിക്കുമ്പോൾ | 40000 | 10 % |
| ആകെ സബ്സിഡി | 400000 | 100 % |

വിതരണം ചെയ്യുന്ന ആകെയുള്ള സബ്സിഡി തുകയുടെ വിഹിത വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തുക(₹) |
|---|---|
| വായ്പ (KURDFC) | 220000 |
| സംസ്ഥാന വിഹിതം | 100000 |
| തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം | 80000 |
| ആകെ | 400000 |

തൻവർഷം ഇതിനായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഭവന നിർമ്മാണം-ലൈഫ് മിഷൻ **(75/20)** (ജനറൽ) | ഭവന നിർമ്മാണം-ലൈഫ് മിഷൻ **(76/20)** (എസ്.സി.പി.) | ഭവന നിർമ്മാണം-ലൈഫ് മിഷൻ **(77/20)** (റ്റി.എസ്.പി.) |
|---|---|---|---|

| | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നം./തീയതി | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നം./തീയതി | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നം./തീയതി |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| വികസന ഫണ്ട് | 2085294 | 2085294 | 19100452010500807656/ 12.11.2019 | 898235 | 795802 | 19100452010500856029/22.11.2019 ₹500000/- 19100452010500943885/13.12.2019 ₹295802/- | 98000 | 98000 | 19100452010500807662/12.11.19 ₹98000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2808930 | 2808930 | 237/27.02.2020 ₹2700000/- 238/27.02.2020 ₹108930/- | 660000 | 0 | | 225860 | 225860 | 235/26.02.2020 ₹200000/- 236/26.02.20 ₹25860/- |
| ജില്ലാ പഞ്ചായത്ത് | 5000000 | 0 | | 660000 | 0 | | 100000 | | |
| മറ്റിനം (വായ്പ) | 84505776 | ഉൾപ്പെടുത്തിയിട്ടില്ല | | 2181765 | ഉൾപ്പെടുത്തിയിട്ടില്ല | | 3176140 | ഉൾപ്പെടുത്തിയിട്ടില്ല | |
| ആകെ | **94400000** | **4894224** | | **4400000** | **795802** | | **3600000** | **323860** | |

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

(I) ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി തുക അനുവദിച്ചു

ഭവന നിർമ്മാണത്തിലെ വിവിധ സ്റ്റേജുകൾക്കനുസൃതമായി ഒരു ഗുണഭോക്താവിന് നൽകാവുന്ന പരാമവധി സബ്സിഡി തുക ₹4,00,000/-യാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പരമാവധി സബ്സിഡി തുകയേക്കാൾ അധികം തുക അനുവദിച്ചിട്ടുണ്ട്. പിന്നീട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഒരാൾ പി.എം.എവൈ. ഗുണഭോക്താവാണ്. എന്നാൽ ഏതാനും ഗുണഭോക്താക്കളിൽ നിന്നും അധികം കൈപ്പറ്റിയ തുക ഈടാക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | അധികം നല്കിയ തുക (₹) | ബാങ്കിൽ പണമായി തിരിച്ചടച്ചത് (₹) | പഞ്ചായത്തിൽ രസീത് പ്രകാരം തിരിച്ചടച്ചത് (₹) | തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നത് (₹) |
|---|---|---|---|---|---|
| 1 | തങ്കലക്ഷ്മി | 200000 | 150000 | 50000 | |
| 2 | മുത്തുലക്ഷ്മി | 40000 | | 30000 | 10000 |
| 3 | പുഷ്പം | 104378 | 104378 | | |

| | | | | | |
|---|---|---|---|---|---|
| 4 | ഷൈല മോഹനൻ | 40000 | 40000 | | |
| 5 | സാലി ഭാസ്കരൻ | 60000 | | 60000 | |
| 6 | മണികണ്ഠൻ | 100000 | | 100000 | |
| 7 | ലക്ഷ്മിക്കുട്ടി (പിഎംഎവൈ.ഗുണഭോക്താവ്) | 40000 | | 20000 | 20000 |
| 8 | രാധാമണി | 100000 | | 70000 | 30000 |
| 9 | ജിൻസി ജോസ് | 60000 | | 40000 | 20000 |
| 10 | നാഗമ്മ മുത്തുസ്വാമി | 100000 | | 100000 | |
| 11 | റോസ്സമ്മ കെ. എ. | 120000 | 120000 | | |
| 12 | ബിന്ദു രാജൻ | 200000 | 200000 | | |
| 13 | ഭാഗ്യമണി ചാൾസ് | 20000 | | 20000 | |
| 14 | പൊന്നമ്മ ലൂയിസ് | 100000 | | 95000 | 5000 |
| 15 | മഹേശ്വരി | 40000 | | 40000 | |
| 16 | ഷെൽജി അബ്രാഹം | 20000 | | | 20000 |
| | ആകെ | 1344378 | 614378 | 625000 | 105000 |

ഓരോ വ്യക്തിക്കും അർഹമായ സബ്സിഡി തുക, രേഖകൾ പരിശോധിച്ച് ഉറപ്പാക്കി അനുവദിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. സ്വകാര്യ ധനം ചെലവഴിക്കുന്നതിൽ പ്രകടിപ്പിക്കേണ്ട അതേ വിവേകവും കരുതലും പൊതുമുതൽ കൈകാര്യം ചെയ്യുമ്പോഴും പ്രകടിപ്പിക്കണമെന്ന അടിസ്ഥാന ധനവിനിയോഗ തത്വം (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(B) കാണുക) പോലും പാടേ അവഗണിച്ചാണ് സബ്സിഡി വിതരണം നടന്നതെന്ന് മേൽ പട്ടികയിലെ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. അധികം നൽകിയ തുകയ്ക്ക്, "അനധികൃതമായി കൈവശം വച്ചതിന്" ബാധകമായ പലിശ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു. തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക ₹1,05,000/- അടിയന്തിരമായി ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ ട്രഷറിയിൽ നിന്ന് അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പെർമിറ്റ് തുടങ്ങിയ അർഹതാ സാക്ഷ്യപത്രങ്ങൾ ഇല്ലാത്ത അനവധി വ്യക്തിഗത ഫയലുകൾ വീടിന് അർഹരായവർ ഉൾപ്പെട്ട ലിസ്റ്റിൽ തന്നെ കണ്ടെത്തിയിരുന്നു. ആയതിനാൽ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാവരും യഥാർത്ഥത്തിൽ അർഹതയുള്ളവരായിരുന്നോയെന്ന് വ്യക്തമാകുന്നില്ല. കരാർ, ബാങ്ക് പാസ്സ് ബുക്കിൽ സബ്സിഡി തുകൾ ക്രെഡിറ്റ് ചെയ്തതിന്റെ പകർപ്പുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ (വാർഡ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ), ഓരോ ഘട്ട നിർമ്മാണ പുരോഗതിയുടെയും ഫോട്ടോകൾ, തുടങ്ങിയ അടിസ്ഥാന രേഖകൾ ഫയലിനോടൊപ്പം ഇല്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള കണക്കുകൾ ആധികാരിക മാണോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

(II) ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത ഗുണഭോക്താക്കളുടെ പേരുവിവരം ഉൾപ്പെടുത്തി അധികം തുക പിൻവലിച്ച

ആവശ്യകതയ്ക്കനുസൃതമായല്ലാതെ വായ്പയും സംസ്ഥാന വിഹിതവും സ്വീകരിച്ച് ദീർഘനാൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിലായി 338 ഗുണഭോക്താക്കളാണ് ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കരാറിലേർപ്പെടാത്തതും ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ വ്യക്തികളുടെ പേരുകൾ കൂടി ലിസ്റ്റിൽ ചേർത്ത് രണ്ടാം ഗഡു KURDFC വായ്പയിനത്തിലും സംസ്ഥാന വിഹിതമിനത്തിലും അർഹമല്ലാത്ത തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിൽ സൂക്ഷിക്കുകയും അധികമായി ലഭിച്ച തുക പിൻവലിച്ചത് ക്രമവിരുദ്ധമാണെന്ന് കണ്ട് 08.09.2020-ന് തിരിച്ചടക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിത ഇനം | അപേക്ഷ തീയതി | ബാങ്കിൽ ക്രെഡിറ്റായ തീയതി | ബാങ്കിൽ ക്രഡിറ്റായ തുക(₹) | ചെലവഴിച്ച തുക(₹) (ഏകദേശം) | ലഭിച്ച വിശദീകരണം | അർഹതയില്ലെന്ന് കണ്ട് 08.09.20-ന് തിരച്ചടച്ച തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| വായ്പ (KURDFC) (രണ്ടാം ഗഡു) | 13.02.19 | 28.03.19 | 49346583 | 49346583 | അധികമായി പിൻവലിച്ച തുകയടക്കം 07.09.2019-ൽ ഏകദേശം പൂർണ്ണമായി ചെലവഴിച്ച (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ₹11,709/- നീക്കി ബാക്കി). അർഹമല്ലാത്തവരുടെ പേരിൽ വായ്പയെടുത്താലും ശേഷിക്കുന്ന ലിസ്റ്റിൽനിന്ന് അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് മാത്രം വിതരണം ചെയ്യുന്നുന്ന് വിശദീകരണം ലഭിച്ചു | 8344000 | അർഹതയില്ലാത്ത 42 വ്യക്തികളുടെ പേരിൽ പിൻവലിച്ച തുക, പിന്നീട് ലഭിച്ച ഗഡുക്കളിൽനിന്ന് KURDFC-യുടെ അക്കൗണ്ടിൽ തിരിച്ചടച്ചു. |
| സംസ്ഥാന വിഹിതം | 14.08.19 | 13.11.19 | 21700000 | 21700000 | അധികമായി പിൻവലിച്ച തുകയടക്കം 17.01.2020-ൽ ഏകദേശം പൂർണമായി ചെല വഴിച്ച (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 616963.50 നീക്കിബാക്കി). അർഹമല്ലാത്തവരുടെ പേരിൽ വായ്പ യെടുത്താലും ശേഷിക്കുന്ന ലിസ്റ്റിൽനിന്ന് അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് മാത്രം വിതരണം ചെയ്യുന്ന വിശദീകരണം ലഭിച്ചു | 2700000 | അർഹതയില്ലാത്ത 27 വ്യക്തികളുടെ പേരിൽ പിൻവലിച്ച തുക, പിന്നീട് ലഭിച്ച ഗഡുക്കളിൽനിന്ന് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിൽ തിരിച്ചടച്ചു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആകെ തിരിച്ചടച്ച തുക | 11044000 | |

എ) ഗ്രാമ പഞ്ചായത്ത് സമർപ്പിക്കുന്ന പട്ടിക അടിസ്ഥാനപ്പെടുത്തി സംസ്ഥാന സർക്കാർ ഹഡ്കോയിൽനിന്ന് KURDFC മുഖേന ലഭ്യമാക്കുന്ന വായ്പ തുകയ്ക്ക് ഗണ്യമായ തുക പലിശ നൽകേണ്ടതുണ്ട്. ആയതിനാൽ ഭീമമായ തുക പിൻവലിച്ച് അർഹതയില്ലാത്തവരുടെ അക്കൗണ്ടിലേക്ക് നല്കിയ നടപടി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. KURDFC രണ്ടാം ഗഡു വായ്പയുടെ 28.03.2019 മുതൽ 07.09.2019 വരെയുള്ളതും സംസ്ഥാന വിഹിത ത്തിന്റെ 13.11.2019 മുതൽ 17.01.2020 വരെയുള്ളതുമായ കാലഘട്ടങ്ങളിലെ സമ്പൂർണ്ണ വിതരണ വിശദാംശങ്ങൾ യോഗ്യതാ പട്ടികയുൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ "അർഹതയില്ലാത്തവരുടെ പേരിലാണ് തുക അധികമായി പിൻവലിച്ചതെങ്കിലും പിന്നീടുള്ള കാലഘട്ടത്തിൽ അർഹതയുള്ളവരിൽ നിന്ന് നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരെ ക്രമമായി കണ്ടെത്തി അവർക്ക് മാത്രമാണ് തുക വിതരണം ചെയ്തതെന്നും അനർഹർക്ക് തുക നല്കിയിട്ടില്ലെന്നുമുള്ള" നിലപാടിന്റെ നിജസ്ഥിതി പരിശോധിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ധനാഭ്യർത്ഥനയ്ക്കൊപ്പം (അനുബന്ധം II) തയ്യാറാക്കി നല്കുന്ന ഗുണഭോക്താക്കളുടെ പട്ടിക പ്രകാരം ആകെ തുകയ്ക്കുള്ള ചെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്ന് ബാങ്കിലേക്ക് നല്കി വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതായിരുന്നു അനുവർത്തിച്ച് വന്നിരുന്ന രീതി. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ അർഹതയുള്ളവരാണോ, നിയമാനുസൃത കരാറിലേർപ്പെട്ടവരാണോ, കൃത്യമായി നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരാണോ എന്നിങ്ങനെയുള്ള കാര്യങ്ങൾ പോലും പ്രാഥമികമായി വിലയിരുത്തിയിട്ടില്ലെന്ന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ, വ്യത്യസ്ത കാരണങ്ങളാൽ അനർഹരായവർ/പദ്ധതിയ്ക്ക് പുറത്തുള്ളവർ പോലും പ്രസ്തുത ലിസ്റ്റിൽ കടന്ന് കൂടാനുള്ള സാദ്ധ്യത നിലനിൽക്കുന്നു. അധിക തുക കൈപ്പറ്റിയതിന് ശേഷം തുകകൾ പണമായി നേരിട്ട് ബാങ്കിൽ/ഗ്രാമ പഞ്ചായത്തിൽ തിരിച്ചടച്ചത് പോലും യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കളാണോയെന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ആകെയുള്ള പദ്ധതി നടത്തിപ്പിൽ വിശദമായ പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ, മൂന്ന് പദ്ധതികളിലുമായി ആകെ വിതരണം ചെയ്ത ₹7,70,60,469/- (4894224+ 795802+323860+49346583+21700000)യിൽ അപാകത (1) പ്രകാരം നിരാകരിച്ച ₹1,05,000/-യുടെ ബാക്കി ₹7,69,55,469/- ചെലവ് തടസ്സപ്പെടു ത്തുന്നു.

അർഹതയുള്ള, നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവർക്ക് മാത്രമാണ് തുക വിതരണം ചെയ്തതെന്ന മറുപടിയുടെ നിജസ്ഥിതി പദ്ധതിയുടെ തുടക്ക കാലഘട്ടം മുതലുള്ള ഫയലുകൾ/രേഖകൾ പരിശോധിച്ചാൽ മാത്രമേ വ്യക്തമാവൂ. അനധികൃതമായി പിൻവലിച്ച തുക ₹1,10,44,000/-, അർഹതയുള്ളവർക്കാണോ വിതരണം നടത്തിയതെന്ന് വിശദമായ പരിശോധനയിലൂടെ മാത്രമേ ഉറപ്പിക്കാൻ കഴിയൂ. ഓഡിറ്റ് സമയത്ത് ഇത് സംബന്ധിച്ച് യാതൊരു രേഖയും ഹാജരാക്കിയിരുന്നില്ല. അർഹതയില്ലാത്തവർക്കാണ് വിതരണം ചെയ്തിട്ടുള്ളതെങ്കിൽ, കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 303A(C)-യുടെ കുറിപ്പ് പ്രകാരം, (സർക്കാർ തുക അനധികൃതമായി മറ്റുള്ളവർക്ക് കൈവശം വെയ്ക്കാൻ അവസരം നല്കിയതിനാൽ) തുക പിഴപ്പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഇടാക്കേണ്ടതായിട്ടുണ്ട്.

ബി) <u>LIFE 2-ാം ഘട്ടം (ഭവന രഹിത പുനരധിവാസം) പുരോഗതി വിശകലനം(31.03.2021 വരെ)</u>

അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണം, കരാർ ചമച്ചവർ തുടങ്ങി പുരോഗതിയുടെ വിശകലന റിപ്പോർട്ട് പലയിടങ്ങളിൽ പല രീതിയിൽ നല്കിയിരിക്കുന്നതായി ഫയലിൽ കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ. സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ച പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 307 | 17 | 14 | 338 |
| പണി തുടങ്ങാത്തത് | 1 | | | 1 |

| | | | | |
|---|---|---|---|---|
| പണി തീർന്നത് | 296 | 14 | 8 | 318 |
| തറ തീർന്നത് | 1 | | 1 | 2 |
| ലിന്റൽ തീർന്നത് | 2 | | 5 | 7 |
| മേൽക്കൂര തീർന്നത് | 7 | 3 | | 10 |

രണ്ടാംഘട്ട നടത്തിപ്പിന് വേണ്ടി വി.ഇ.ഒ.-യുടെ അപേക്ഷ പ്രകാരം 04.01.2019-ൽ ബാങ്കിൽ ക്രെഡിറ്റ് വന്ന ഒന്നാം ഗഡു KURDFC വായ്പ ₹99,33,417/- 25.01.2019-നകം പൂർണ്ണമായി വിനിയോഗിച്ച് വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും വിതരണത്തിന്റെ കൃത്യത പരിശോധിക്കേണ്ടതുണ്ട്.

<u>മറ്റ് അപാകതകൾ</u>

| | |
|---|---|
| 1 | അപാകതയായി പറഞ്ഞിരിക്കുന്ന രണ്ടാം ഖണ്ഡികയിലെ പട്ടികയിൽ ചേർത്തിരിക്കുന്ന വായ്പ തുക പൂർണ്ണമായി ചെലവഴിച്ചെന്ന് വിശദാംശങ്ങൾ ഉൾപ്പെടുത്തി 05.09.2019-ൽ KURDFC-യ്ക്ക് ഗ്രാമ പഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. |
| 2 | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലെ പിഴവ് മൂലം ഗുണഭോക്താക്കൾക്ക് തുക ലഭിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ തിരികെ വന്നത് നിർവ്വഹണത്തിലെ വീഴ്ചയാണ്. |
| 3 | രണ്ടാം ഘട്ട ഗുണഭോക്താക്കൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ധനസഹായ വിഹിതം രേഖപ്പെടുത്തുന്നതിനും യോഗ്യത ആയിട്ടില്ലാത്ത ഗുണഭോക്താക്കളെ യോഗ്യതയുള്ള വരാക്കുന്നതിലും ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ സൗകര്യം ലഭ്യമാണെന്നിരിക്കെ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ വിശദാംശങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നിർവഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല. |
| 4 | അപാകതകൾ ഉണ്ടെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടപ്പോൾ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്ത് ഭരണസമിതി പലപ്രാവശ്യം നിർദ്ദേശിച്ചെങ്കിലും വി.ഇ.ഒ. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കിയില്ല. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ, രജിസ്റ്ററുകൾ, കണക്കുകൾ, ഇതര രേഖകൾ എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ കൃത്യമായി പരിപാലിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ കണക്കുകളും രേഖകളും കൃത്യമാക്കി സാക്ഷ്യപത്രം സമർപ്പിക്കുന്നതിനോ ബാക്കി തുക ആവശ്യപ്പെടുന്നതിനോ ഗ്രാമ പഞ്ചായത്തിന് സാധിച്ചില്ല. ഈ കാരണത്താൽ വിവിധ വാർഡുകളിലെ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിച്ച് അവരിൽനിന്ന് നിർദ്ദിഷ്ട പ്രഫോർമയിൽ പദ്ധതി നടത്തിപ്പിന്റെ അതുവരെയുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ജീവനക്കാരെ ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്ക് ചുമതലപ്പെടുത്തേണ്ടി വന്നു. |
| 5 | പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ തുക സൂക്ഷിക്കേണ്ടിടത്ത് ഗ്രാമ പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് വായ്പയും സംസ്ഥാന വിഹിതവും നിലനിർത്തിയിരിക്കുന്നത്. |

സി) ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഫയൽ സൂക്ഷിപ്പ്, വായ്പ സ്വീകരിക്കൽ, തുക വിതരണം തുടങ്ങി എല്ലാ മേഖലകളിലും നിർവ്വഹണ ഉദ്യോഗസ്ഥന് ഗുരുതരവീഴ്ച ഉണ്ടായിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ ക്രമക്കേടുകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/19.11.2021) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നടത്തിപ്പിലുണ്ടായ അപാകതകൾ കെ.എസ്.എ.-ഐ.ഡി.കെ.-12/1109/2021/തീ. 25.11.2021 നമ്പർ പ്രത്യേക കത്ത് വഴി ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലെ ക്രമക്കേടിന്റെ വ്യാപ്തിയും ഇടപാടുകളുടെ നിജസ്ഥിതിയും പുറത്ത് കൊണ്ടുവരുന്നതിന് വിശദമായതും ആഴത്തിലുള്ളതുമായ പരിശോധന അനിവാര്യമാണ്. ക്രമക്കേടിന്റെ വ്യാപ്തിയും ഇടപാടുകളുടെ നിജസ്ഥിതിയും പുറത്ത്

കൊണ്ടുവരുന്നതിന് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-22 തൊഴിലുറപ്പ് പദ്ധതി ടെണ്ടറിംഗ്

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ അജ്മൽ കൺസ്ട്രക്ഷൻസ്, ഹൈ ടെക് കോൺക്രീറ്റ് ഇൻഡസ്ട്രീസ്, ഗ്രാന്റ് ഏജൻസീസ് എന്നീ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അജ്മൽ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് MSME രജിസ്ട്രേഷനുള്ളതിനാൽ ഇ.എം.ഡി. ഒടുക്കുന്നതിൽ നിന്നും ഇളവ് ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന് ടെണ്ടർ അനുവദിച്ചുകൊണ്ട് ഗ്രമാപഞ്ചായത്ത് കത്തയച്ചുവെങ്കിലും കരാറിൽ ഏർപ്പെടുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ഉടർന്ന് രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടത് മൂലം ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടാവുകയും പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസമുണ്ടാവുകയും ചെയ്തിട്ടുണ്ട് അജ്മൽ കൺസടക്ഷൻസിന് ഇ.എം.ഡി. ഒടുക്കുന്നതിൽ കിഴിവ് ലഭിച്ചതിനാൽ ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപനത്തിന്റെ ഇ.എം.ഡി കണ്ടുകെട്ടുന്നതിന് സാധിച്ചില്ല. MSME രജിസ്ട്രേഷനിലൂടെ ഇ.എം.ഡി. കിഴിവ് നേടുകയും കരാറിൽ നിന്നും ഏകപക്ഷീയമായ പിൻമാറുകയും ചെയ്യുന്ന പ്രവണത അംഗീകരിക്കത്തക്കതല്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ കരിംപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സ്ഥാപനത്തിന്റെ MSME രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ജില്ലാ വ്യവസായവകുപ്പ് ഓഫീസ് മുഖേന ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 അശോക വനം അംഗൻവാടിക്ക് ടോയ്ലറ്റ് നിർമ്മാണം - ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | 217/20 |
| പദ്ധതി അടങ്കൽ | ₹40,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| കൺവീനർ | ശ്രീമതി ശ്യാമള |
| അളവ് ബുക്ക് | 1/19-20 |
| ബിൽ നം./തീയതി & തുക | 19100452013300725308/11.10.19; ₹6,200/<br>ചെക്ക് നം.02040220/11.10.19; ₹20,000/-<br>ചെക്ക് നം 02063045/14.11.19; ₹13,800/- |

MORD സ്പെസിഫിക്കേഷൻ പ്രകാരം DSR 2016 നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ആകെ പ്രവൃത്തിമൂല്യത്തിന്റ 5% ഓവർഹെഡ് ചാർജ്ജിനത്തിൽ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയാണ് പദ്ധതി കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തി മൂല്യമായ ₹40,000/-യിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാതെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി മാത്രം കുറവ് ചെയ്ത് ₹39,600/- കൺവീനർക്ക് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യമായ ₹40,000/-യുടെ 5% ആയ ₹2,000/- ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.14/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,000/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 'ഹരിതചോല' – ക്രമവിരുദ്ധമായി നടപ്പാക്കിയ പദ്ധതി പരാജയം - ചെലവ് തടസ്സം

പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനം, സൗന്ദര്യവത്കരണം എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി 'ഹരിതചോല' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി 04.09.2019-ൽ 1(11) ആയി തീരുമാനമെടുത്ത് തുടർ നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും കുമളി-മൂന്നാർ സംസ്ഥാന പാതയിൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ പാതയോരത്തെ മാലിന്യങ്ങളും പൊന്തക്കാടുകളും നീക്കം ചെയ്ത് പൂച്ചെടികൾ വെച്ച് പിടിപ്പിച്ച് സുന്ദരമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശം. ഇതിനായി താഴെ കൊടുത്തിട്ടുള്ളത് പ്രകാരം ചെലവുകൾ നടത്തിയതായി കാണുന്നു.

| വൗച്ചർ നം. | തീയതി | തുക ₹ | ആവശ്യം |
|---|---|---|---|
| 21900526 | 31.10.2019 | 56760 | രണ്ട് ബ്രഷ് കട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും വില |
| 21900566 | 07.11.2019 | 10600 | ചകിരിച്ചോർ വാങ്ങിയത് |
| 21900567 | 07.11.2019 | 6465 | ഉദ്ഘാടനത്തിനായി ഗ്ലൗസ്, പ്രിന്റിങ് ചാർജ്ജ്, ബൊക്കെ |
| 21900568 | 07.11.2019 | 66000 | മൂന്ന് ബോട്ടിൽ ബ്രൂത്തുകളുടെ വില |
| 21900569 | 07.11.2019 | 13000 | ഉദ്ഘാടനത്തിനായി മൈക്ക് അനൗൺസ് മെന്റ് |
| 21900577 | 13.11.2019 | 167660 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900578 | 13.11.2019 | 106950 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900579 | 13.11.2019 | 13300 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900580 | 13.11.2019 | 64630 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900581 | 13.11.2019 | 5000 | ചെടിക്ക് വേലികെട്ടൽ |
| 21900582 | 13.11.2019 | 3000 | ചെടിക്ക് വേലികെട്ടൽ |
| 21900583 | 13.11.2019 | 150290 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900584 | 13.11.2019 | 2500 | വാഹന വാടക |
| 21900585 | 13.11.2019 | 21200 | ചകിരിച്ചോർ |
| 21900586 | 13.11.2019 | 47000 | മിനി എയ്റോബിക് ബിൻ നിർമ്മിച്ചത് |
| 21900587 | 13.11.2019 | 12000 | സ്റ്റേജ് ചെലവ് |
| 21900588 | 13.11.2019 | 1800 | കസേര വാടക |
| 21900589 | 14.11.2019 | 18490 | ശുചിത്വ സന്ദേശ യാത്ര |
| 21900617 | 22.11.2019 | 299970 | അരളി തൈകളുടെ വില |
| 21900618 | 22.11.2019 | 206000 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചത് |
| 21900619 | 22.11.2019 | 1500 | ചകിരിച്ചോർ ഇറക്കു കൂലി |
| 21900676 | 06.12.2019 | 97020 | ഹരിത ചോലയ്ക്കായി പോളി ഹൗസ് നിർമ്മിച്ചത് |
| 21900693 | 11.12.2019 | 52500 | വാട്ടർ ടാങ്കുകൾ വാങ്ങിയത് |
| 21900694 | 11.12.2019 | 14020 | അരളിയ്ക്ക് വളം വാങ്ങൽ |
| 21900698 | 11.12.2019 | 192990 | ജെ. സി. ബി, ടിപ്പർ ചാർജ്ജ് |
| 21900699 | 11.12.2019 | 3300 | ട്രാൻസ്പോർട്ടേഷൻ ചെലവ് |
| 21900709 | 12.12.2019 | 575 | വളം ഇടുന്നതിന് ബക്കറ്റ് വാങ്ങൽ |
| 21900710 | 12.12.2019 | 36564 | ജെ. സി. ബി-ക്ക് ഡീസൽ വാങ്ങൽ |

| | | | |
|---|---|---|---|
| 21900718 | 18.12.2019 | 66000 | പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് മൂന്നെണ്ണം |
| 21900719 | 18.12.2019 | 82350 | ജെ. സി. ബി, ടിപ്പർ വാടക |
| 21900733 | 27.12.2019 | 6820 | ബോർഡ് ചെലവ് |
| 21900787 | 24.01.2020 | 73000 | ടിപ്പർ വാടക |
| | | 1899254 | |

പാതയോരങ്ങൾ വൃത്തിയാക്കുന്നതിനും ചെടികൾ വെച്ചുപിടിപ്പിക്കുന്നതിനുമായി ഇത്രയും വലിയ തുക ചെലവഴിച്ചിട്ടും വളരെ കുറച്ചെണ്ണം അരളിച്ചെടികൾ മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. അവ തന്നെ പൂർണ്ണമായും കാട് മൂടിയ അവസ്ഥയിലുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് ഇത്രയും ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള പഠനം നടത്തുകയോ വിശദമായ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയോ അതുമല്ലെങ്കിൽ സർക്കാർ അനുമതി നേടുകയോ ചെയ്യാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇത്രയും തുക ചെലവഴിച്ച ഈ പദ്ധതി പരിപൂർണ്ണ പരാജയമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.8/18..11.2021-ന് സെക്രട്ടറി നല്കിയ മറുപടിയിൽ കോവിഡ് സാഹചര്യമാണ് പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയത് എന്ന് ബോധിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിൽ വീഴ്ച ഉണ്ടായിട്ടില്ല എന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. ₹18,09,254/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 റവന്യൂ ഭൂമി സർവ്വേ ചെയ്യുന്നതിനുള്ള ചെലവ് സർക്കാർ അനുമതി കൂടാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവ്വഹിച്ചു - ചെലവ് തടസ്സം

ഉടുമ്പൻചോലയിൽ ഗവൺമെന്റ് ആയുർവേദ കോളേജിനായി ഭൂമി സർവേ ചെയ്യുന്നതിനായി വരുന്ന ചെലവിലേയ്ക്ക് ഉടുമ്പൻചോല തഹസീൽദാരുടെ അഭ്യർത്ഥന പ്രകാരം ₹50,325/- അനുവദിക്കുന്നതിന് സെക്രട്ടറി 02.03.2020-ൽ എ3-1118/2020 നമ്പരായി ഉത്തരവാകുകയും 06.03.20-ലെ വൗച്ചർ നം.21900945 പ്രകാരം ഉടുമ്പഞ്ചോല തഹസിൽദാർ(എൽ.ആർ.)-ക്ക് തുക നൽകിയിട്ടുള്ളതായും കാണുന്നു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ആവശ്യത്തിനായി റവന്യൂ വകുപ്പ് നടത്തേണ്ട സർവ്വേ നടപടികൾക്കുള്ള ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവ്വഹിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. പ്രസ്തുത നടപടിക്ക് സർക്കാർ അനുമതിയോ സാധൂകരണമോ ലഭ്യമാക്കാത്തതിനാൽ ₹50,325/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 പൊതു മരാമത്ത് റോഡിന്റെ നിർമ്മാണോദ്ഘാടനത്തിന് അനൗൺസ് മെന്റ് ചാർജ് പഞ്ചായത്ത് ഫണ്ടിൽനിന്നും നല്കിയിരിക്കുന്നു- ചെലവ് തടസ്സം

വൗച്ചർ നം.21900993/24.03.2020

ഉടുമ്പഞ്ചോല-ചിത്തിരപുരം-രണ്ടാം മൈൽ റോഡിന്റെ നിർമ്മാണ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സ്റ്റേജ്, മൈക്ക് അനൗൺസ് മെന്റ്, സ്റ്റേജ് പ്രോഗ്രാം മൈക്ക് സെറ്റ് വാടക എന്നീയിനങ്ങളിൽ ആകെ ₹16000/-(പതിനാറായിരം രൂപാ മാത്രം) ശ്രീ ഷാജി, ക്ലാരിറ്റി സൗണ്ട്സ്, ശാന്തമ്പാറ എന്നയാൾക്ക് വൗച്ചർ നം.21900993/24.03.2020 പ്രകാരം നല്കിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിന്റേതല്ലാത്ത പരിപാടിക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. സർക്കാർ അനുമതിയോ സാധൂകരണമോ ഹാജരാക്കുന്നതു വരേയ്ക്കും ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഈട്ടിച്ചുവട് സി.എസ്.ഐ. പള്ളിപ്പടി റോഡ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്റ്റ് നം | 62/20 | |
| കരാറുകാരൻ | ശ്രീ. ജൂബിൻ കെ. ജെ. | |
| അളവുബുക്ക് | 102/19-20 | |
| പദ്ധതി അടങ്കൽ | ₹2,50,000/- (സംരക്ഷണ ഗ്രാന്റ് റോഡ്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | 19100452013300887286/29.11.2019 | ₹2,19,922/- |

എസ്റ്റിമേറ്റ് തുകയായ ₹2,23,135/-യിൽ നിന്നും 16.01% കിഴിവ് രേഖപ്പെടുത്തിയ ശ്രീ. ജൂബിൻ കെ. ജെ. എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയതിലെ കുറവുമൂലം കരാറുകാരന് ₹10,022/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക ₹ | | കരാറുകാരന് അനുവദിക്കാവുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 223135 | ആകെ പ്രവൃത്തിമൂല്യം | 223135 |
| (-)12% ടെണ്ടർ കിഴിവ് | 26766 | (-)16.01 ടെണ്ടർ കിഴിവ് | 35724 |
| | 196359 | | 187411 |
| (+)12% ജി.എസ്.ടി | 23563 | (+)12% ജി.എസ്.ടി | 22489 |
| കരാറുകാരന് നൽകിയ തുക | 219922 | | 209900 |

കരാറുകാരന് ₹10,022/-(219922-209900)അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.7/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹10,022/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 40 ഏക്കർ പാറത്തോട് റോഡ് - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം അധികം തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 99/20 |
| കരാറുകാരൻ | ശ്രീ. മനേഷ് ജേക്കബ്ബ് |
| അളവുബുക്ക് | 147/19-20 |
| പദ്ധതി അടങ്കൽ | ₹45,0,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | | |
|---|---|---|
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | 68/22.01.2020 | ₹4,31,999/-- |

40 ഏക്കർ പാറത്തോട് റോഡ് എന്ന പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ക്വോട്ട് ചെയ്ത നിരക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ശ്രീ. നോബി ജോർജ്ജ് | 10.1% കുറവ് |
| ശ്രീ. മനേഷ് ജേക്കബ്ബ് | 4% കുറവ് |

എസ്റ്റിമേറ്റ് നിരക്കായ ₹4,01,784/-യിൽ നിന്നും 10.1% കുറവ് രേഖപ്പെടുത്തിയ ശ്രീ. നോബി ജോർജ്ജിന് നൽകാതെ 4% രേഖപ്പെടുത്തിയ ശ്രീ. മനേഷ് ജേക്കബ്ബിനാണ് പ്രവൃത്തി നിർവ്വഹണ ചുമതല നൽകിയിരിക്കുന്നത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നോബി ജോർജ്ജിന് പ്രവൃത്തി നിർവ്വഹണ ചുമതല നൽകാത്തത് മൂലം ₹27,451/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക ₹ | | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചിരുന്നെങ്കിൽ അനുവദിക്കാമായിരുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 401784 | ആകെ പ്രവൃത്തിമൂല്യം | 401784 |
| (-)4% ടെണ്ടർ കിഴിവ് | 16071 | (-)10.1 ടെണ്ടർ കിഴിവ് | 40580 |
| | 385713 | | 361204 |
| (+)12% ജി.എസ്.ടി | 46286 | (+)12% ജി.എസ്.ടി | 43344 |
| കരാറുകാരന് നൽകിയ തുക | 431999 | | 404548 |

കരാറുകാരന് ₹27,541/-(431999-404548) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹27,541/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം-എസ്റ്റിമേറ്റ് അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്ട് നം. | 169/20 | |
| കരാറുകാരൻ | ശ്രീ. ജൂബിൻ കെ. ജെ. | |
| അളവുബുക്ക് | 548/18 | |
| പദ്ധതി അടങ്കൽ | ₹15,00,000/-(വി.ഫ ജനറൽ ₹1000000/-, തനതുഫണ്ട് ₹500000/-) | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക |
| | 18100452013301573594/30.03.2019 | ₹799572/- |
| | ചെക്ക് നം. 7312314/31.03.2019 | ₹500000/- |

42 ച.മീ വിസ്തീർണ്ണമുള്ള ക്ലാസ് മുറി, 1.8 മീ. വീതിയുള്ള വരാന്ത എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഏറ്റവും കുറഞ്ഞ നിരക്കായ ₹12,99,572/- (13.35% കുറവ്) ക്വോട്ട് ചെയ്ത ശ്രീ. ജുബിൻ കെ. ജെ. എന്ന കരാറുകാരനെ പ്രവൃത്തി നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ പിന്നീട് കെട്ടിടത്തിന്റെ ഫ്ലോറിംഗ്, വൈറ്റ് വാഷിംഗ്, ജനലുകൾ, വാതിൽ തുടങ്ങിയ 12 ഇനം പ്രവൃത്തികൾ ഒഴിവാക്കി ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയതിട്ടുള്ള പ്രവൃത്തി ഇനങ്ങളാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒഴിവാക്കിയിട്ടുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് അളവിനേക്കാൾ അധികമായി ചെയ്തിട്ടുള്ള പ്രവൃത്തികളുടെ മൂല്യം കണക്കാക്കിയപ്പോൾ കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള 13.35% ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് ₹63,229/- അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ അളവ് | അളവു ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | അധികമായി ചെയ്ത പ്രവൃത്തിയുടെ അളവ് | കരാറുകാരന് നൽകിയ തുക(₹) | കരാറുകാരന് ₹63,229/- അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.10/18.11.2021) മറുപടി നൽകിയിട്ടില്ല. ₹63,229/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.കരാറുകാരന് നൽകാവുന്ന തുക (₹) |
|---|---|---|---|---|---|
| Providing& Laying In Position Specified Grade Of Reinforced Cement Concrete(5.1.2) | 18.647m3 | 27.883m3 | 9.236m3 | 268429.64 (27.883 @9627/m3) | 179515/- (18.647m3 @9627/m3)<br>77044.78 (9.236m3 @8341.79/m3) |
| Reinforced Cement Concrete Work In Walls(5.2.2) | 5.179m3 | 12.923m3 | 7.744m3 | 142153/- (12.923m3 @11000/m3) | 56969/- (5.179m3 @11000/m3)<br>73812/- (7.744m3 @9531.5/m3) |
| Reinforced Cement Concrete Work In Beams ,Suspended Floors(5.3) | 16.145m3 | 19.018m3 | 2.873m3 | 216805.20 (19.018m3 @11400/m3) | 184053/- (16.145m3 @11400/m3)<br>27518/- (2.873m3 @9578.1/m3} |
| Steel Reinforcement For R.C.C Work(5.22.6) | 3451.245kg | 5377kg | 1925.755kg | 470487.50 (5377kg @87.5/kg) | 301984/- (3451.245kg @87.5/kg)<br>146011/- (1925.755kg @75.82/kg) |
| Centering&shuttering Including Strutting For Walls(5.9.2) | 29.401m2 | 163.061m2 | 133.66m2 | 89683.55 (163.061m2 @550/m2) | 16171/ (29.401m2 @550/m2)<br>63699/- |

| | | | | | |
|---|---|---|---|---|---|
| | | | | | (133.66m2 @476.575/m2) |
| Centering&shuttering Including Strutting For Suspended Floors,roofs(5.9.3) | 89.881m2 | 101.456m2 | 11.575m2 | 65946.40 (101.456m2 @650/m2) | 58422/- (89.88m2 @650/m2)<br>6519/- (11.575m2 @563.2/m2) |
| Centering&shuttering Including Strutting For Columns,pillars(5.9.6) | 43.512m2 | 58.998m2 | 15.486m2 | 41298.60 (58.998m2 @700/m2) | 30458/- (43.512m2 @700/m2)<br>9393/- (15.486m2 @606.55/m2) |
| | | | ആകെ | 1294803.8 | 1231565/- |

കരാറുകാരന് ₹63,238/- അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.10/18.11.2021) മറുപടി നൽകിയിട്ടില്ല. ₹63,238/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 അശോകവനം അംഗൻവാടിക്ക് ടോയ്‌ലറ്റ്-ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | 217/20 |
| പദ്ധതി അടങ്കൽ | ₹40,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| കൺവീനർ | ശ്രീമതി ശ്യാമള |
| അളവ് ബുക്ക് | 1/19-20 |
| ബിൽ നം/തീയതി & തുക | 19100452013300725308/11.10.19; ₹6,200/<br>ചെക്ക് നം.02040220/11.10.19; ₹20,000/-<br>ചെക്ക് നം. 02063045/14.11.19; ₹13,800/- |

MORD സ്പെസിഫിക്കേഷൻ പ്രകാരം DSR 2016 നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ആകെ പ്രവൃത്തി മൂല്യത്തിന്റ 5% ഓവർഹെഡ് ചാർജ്ജിനത്തിൽ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയാണ് പദ്ധതി കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്. ആകെ പ്രവൃത്തി മൂല്യമായ ₹40,000/-യിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാതെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി മാത്രം കുറവ് ചെയ്ത് ₹39,600/- കൺവീനർക്ക് നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യമായ ₹40,000/-യുടെ 5% ആയ ₹2,000/- ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.14/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,000/- ഉത്തരവാദിയായ അസി. എഞ്ചിനീയറീൽ നിന്നും ഈടാക്കേണ്ടതാണ്.

3-5 പ്ലാത്തോട്ടംപടി റോഡ് - ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തത് മൂലം കരാറുകാരന്

അധികം തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്റ്റ് നം. | 184/20 | |
| കരാറുകാരൻ | ശ്രീ. ജൂബിൻ കെ. ജെ. | |
| അളവ് ബുക്ക് | 25/18-19 | |
| പദ്ധതി അടങ്കൽ | ₹10,00,000/- (സംരക്ഷണ ഗ്രാന്റ് റോഡ്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | 1810045201330153l869/30.04.2019 | ₹8,79,617 |

ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയായ ₹8,79,714/- രേഖപ്പെടുത്തിയ ശ്രീ. ജൂബിൻ കെ. ജെ. എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തത് മൂലം കരാറുകാരന് ₹2,062/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക ₹ | | കരാറുകാരന് അനുവദിക്കാവുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 881777 | ആകെ പ്രവൃത്തിമൂല്യം<br>(ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയത്) | 879715 |
| (-)കാലി വീപ്പയുടെ വില | 2160<br>(270x8) | (-)കാലി വീപ്പയുടെ വില | 2160 |
| പദ്ധതി ചെലവിനായി പിൻവലിച്ച തുക | 879617 | പദ്ധതിക്കായി പിൻവലിക്കാവുന്ന തുക | 877555 |

കരാറുകാരന് ₹2,062/- (879617-877555) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.12/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,062/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-6 സോളിഡ് വേസ്റ്റ് ഡിസ്പോസർ വാങ്ങൽ-ഗുണഭോക്തൃ വിഹിതത്തിന് പകരം വികസന ഫണ്ട് ഉപയോഗിച്ചു

| | |
|---|---|
| പദ്ധതി | ഗാർഹിക മാലിന്യ സംസ്കരണം - സോളിഡ് വേസ്റ്റ് ഡിസ്പോസർ (163/20) |
| അടങ്കൽ | ₹1,80,000/-(വികസന ഫണ്ട്-ജനറൽ)<br>₹1,80,000/- (ഗുണഭോക്തൃ വിഹിതം) |
| ബിൽ വിശദാംശങ്ങൾ | 19100452010500035251/05.04.2019 ₹1,79,700/- (വികസന ഫണ്ട്-ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ സോളിഡ് വേസ്റ്റ് ഡിസ്പോസർ വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. കുറഞ്ഞ നിരക്ക് (₹1,797/-ഡിസ്പോസർ) ക്വോട്ട് ചെയ്ത ആലപ്പി ബയോടെക് എന്ന സ്ഥാപനത്തിൽ നിന്നാണ് 100 ഡിസ്പോസർ വാങ്ങിയത്. പദ്ധതി നിർവഹണ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

50% സബ്സിഡി തുക ₹89,850/- (179700x50/100)-യും ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന 50% ഗുണഭോക്തൃവിഹിതവും ചേർത്ത് വാങ്ങൽ നടത്തേണ്ടിടത്ത് വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് മാത്രം ഡിസ്സ്ട്രോയർ വാങ്ങിയത് വഴി ₹89,850/-യുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിരിക്കുന്നു. ഈ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി ഗ്രാമ പഞ്ചായത്തിൽ ₹54,000/- (45438/1 മുതൽ 45438/54 വരെയുള്ള രസീത് പ്രകാരം) വരവുണ്ടെങ്കിലും പ്രസ്തുത തുക ഗുണഭോക്തൃവിഹിതമായി ഒടുക്ക് വരുത്താത്തതിനാൽ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. ശേഷിക്കുന്ന നഷ്ട തുക ₹35,850/-(89850-54000) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 3-7 വക്കീൽ ഫീസ് രണ്ടു തവണ നല്കി - ചെലവ് നിരാകരണം ₹15,000/-

ശ്രീ. അഗസ്റ്റിൻ ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ വീടിന് മുന്നിലെ അനധികൃത പാർക്കിംഗിനെതിരെ വിഷയമായി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)20184/19 കേസിലെ എതിർ കക്ഷിയായ ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്തിന് വേണ്ടി ഹാജരായ ശ്രീ. ലിജി ജെ. വടക്കേടം എന്ന അഭിഭാഷകന് 27.11.2019-ലും (വൗച്ചർ നം.21900624) 19.02.2020-ലും (വൗച്ചർ നം.51900840) ₹15,000/- വീതം ആകെ ₹30,000/- നല്കിയിട്ടുള്ളതായി കാണുന്നു.

01.11.2019-ൽ പ്രസ്തുത കേസ് പരിഗണനയിലെടുത്ത അന്ന് തന്നെയുണ്ടായ ഇടക്കാല ഉത്തരവിനെ തുടർന്ന് വക്കീൽ ആവശ്യപ്പെട്ട ഫീസ് ₹15,000/- നൽകിയിരുന്നു എന്ന വിവരം കണക്കിലെടുക്കാതെ 04.02.2020-ൽ ഉണ്ടായ അന്തിമ ഉത്തരവിനെ തുടർന്ന് വീണ്ടും വക്കീൽ ആവശ്യപ്പെട്ട ഫീസ് ₹15,000/- നല്കിയത് നിരാകരിക്കുന്നു. പഞ്ചായത്തിന് നഷ്ടമായ ₹15,000/- ബന്ധപ്പെട്ട വക്കീലിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2019-20 | വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ്₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 199500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (41) | 199500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 41400 | ജവഹർ ഭവന പദ്ധതി പലിശ തിരിച്ചടവ് | 41400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2808930 | ലൈഫ് ഭവന പദ്ധതി ജനറൽ | 2808930 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 225860 | ലൈഫ് ഭവന പദ്ധതി റ്റി. എസ്. പി. | 225860 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**– ഇല്ല –**

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**– ഇല്ല –**

### 4-5 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക കണക്കുകൾ, ലോൺ രജിസ്റ്റർ, ബാങ്ക് പാസ്ബുക്ക് എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലാത്തതിനാൽ ലോൺ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| | 2002-03 | 3-7 | 2006-07 | 3.35.2 | വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2 | 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 3 | 2004-05 | 3-7 | 2008-09 | 3.7.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| | 2004-05 | 3-8 | 2008-09 | 3.5.7 | കമ്പ്യൂട്ടർ പരിശീലന പദ്ധതി ധനദുർവിനിയോഗം | തീർപ്പാക്കിയിട്ടില്ല |
| 4 | 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 5 | - | - | 2012-13 | 3-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | തീർപ്പാക്കിയിട്ടില്ല |
| | - | - | 2015-16 | 4.1.5 | ലഘു അവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാര ങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | ആകെ ലഭിച്ച തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റി മാ ർ ക്ക്സ് |
| 1 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| - ഇല്ല - | | | | | | | | | | | | |

ബി) സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത | റി മാ ർ ക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2006-07 | ഖ 3(1) | എം. കെ. | LF-1365/ | 93952 | | 85750 | | | 85750 | 8202 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെല്ലപ്പൻ ചൈതന്യ, താമരക്കുളം | Spl.cell/csc/ C1/2011 Dt.18/10/2013 | | | | | | | | |
| 2 | 1997-98 | ഖ.29(1), (2), 30(1), 30(2), 31,32, 33,38 | ധർമ്മപാലൻ സെക്രട്ടറി | Lf-5680/ Spl.cell/ Sc2/01 Dt.18/05/01 | 5386 | നം.20/ 49950/ 4/12/2002 ₹280/-, 22/49950 ₹323/-, 68/82007/ 17/11/2007 ₹1,300/-, 68/82007 17/11/07 ₹233/-, 21/49950 ₹217/-, 68/82025 17/11/08 ₹510/- | | | | 2863 | ഇല്ല | |
| 3 | 1998-99 | ഖ. 22, 31 | വി. ബാലകൃഷ്ണ റാവു, സെക്രട്ടറി | LF-9386/ SC2/02 Dt. 07/01/03 | 5455 | | | | | | 5455 | |
| 4 | 1999-00 | ഖ.27(1), (2), (3) | പി. ജോൺസ് | LF1-6201/03 Dt.05/02/05 | 21500 | | | | | | 21500 | |
| 5 | 1997-98 | ഖ. 27, 28 | ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ Spl.cell/ Sc2/2001 Dt.03/09/02 | 2419 | 2419 Re.no68/ 82007 Dt. 17/11/07 | | | | 2419 | ഇല്ല | |

(*) പ്രസ്തുത തുകകൾ ഡിമാന്റിൽ ഉൾപ്പെട്ടുത്തേണ്ടതാണ്.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹55248231 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹111786357 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹167034588 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹158131903 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരുപ്പ് | ₹8902685 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹260713 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹78996695 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 10022 | ശ്രീ. അബ്ദുൾ സമദ് പി. എസ്., അസി.എഞ്ചിനിയർ |
| 3-2 | | 27541 | ശ്രീ. അബ്ദുൾ സമദ് പി. എസ്., അസി.എഞ്ചിനിയർ |
| 3-3 | | 63238 | ശ്രീ. അബ്ദുൾ സമദ് പി. എസ്., അസി.എഞ്ചിനിയർ |
| 3-4 | | 2000 | ശ്രീ. അബ്ദുൾ സമദ് പി. എസ്., അസി.എഞ്ചിനിയർ |
| 3-5 | | 2062 | ശ്രീ. അബ്ദുൾ സമദ് പി. എസ്., അസി.എഞ്ചിനിയർ |
| 3-6 | | 35850 | ശ്രീ. സന്ദീപ് ടി. എസ്., വി.ഇ.ഒ |
| 3-7 | | 15000 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 3-8 | | 105000 | ശ്രീ. സന്ദീപ് ടി. എസ്., വി.ഇ.ഒ |
| | ആകെ | 260713 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 91647 | ശ്രീ. സന്ദീപ് ടി. എസ്., വി.ഇ.ഒ. |
| 1-21 | 76955469 | ശ്രീ. സന്ദീപ് ടി. എസ്., വി.ഇ.ഒ. |
| 1-24 | 1899254 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| 1-25 | 50325 | ശ്രീ. ബിജു പി. വി., സെക്രട്ടറി |
| ആകെ | 78996695 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ സമദ് പി.എസ്.,<br>അസി. എഞ്ചിനിയർ | | പെരുമാംകുടിയിൽ(H),<br>കളപ്പറച്ചാൽ പി.ഒ,<br>മുരിക്കുംതൊട്ടി, |

| | | |
|---|---|---|
| | | ഇടുക്കി ജില്ല |
| ശ്രീ. ടി. എസ്. സന്ദീപ്,<br>വി.ഇ.ഒ | വി.ഇ.ഒ<br>കൊന്നത്തടി<br>ഗ്രാമ പഞ്ചായത്ത് | ഡാർ അൽ അക്മൽ<br>ANRA 2/A,<br>വള്ളക്കടവ് പി.ഒ,<br>ഈഞ്ചക്കൽ,<br>തിരുവനന്തപുരം-695008 |
| ഡോ. മിലി എം.,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | | പലവിള പടീറ്റതിൽ<br>എരുമക്കുഴി<br>നൂറനാട് പി.ഒ. – 690504 |
| ശ്രീ ബിജു. പി. വി.,<br>സെക്രട്ടറി | | പുതുപ്പറമ്പിൽ(H),<br>രാജാക്കാട് പി.ഒ,<br>ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-8/305/98/ 30.12.98 | 4 | 31, 32, 38A, 38B |
| 1997-98 | എൽ.എഫ്.ഐ-8/151/99/ 27.09.99 | 1 | 32 |
| 1998-99 | എൽ.എഫ്.ഐ-8/307/2000/ 21.10.2000 | 5 | 22, 25, 27,31, 38 |
| 1999-2000 | എൽ.എഫ്.ഐ-8/64/01/ 09.07.01 | 1 | 27(1,2,3) |
| 2006-07 | എൽ.എഫ്.ഐ-10/415/ 09/10.03.10 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-12/873/ 11/14.10.11 | 14 | 2-1, 2-2,2-3,2-4,2-5,3-1,3-2, 3-3,3-4,3-5,3-6,3-7,3-8 |
| 2008-09 | എൽ.എഫ്.ഐ-12/724/ 11/21.01.13 | 28 | 2-1 മുതൽ 2-9, 3-1 മുതൽ 3-18 വരെ |
| 2009-10 | എൽ.എഫ്.ഐ-12/725/ 11/22.02.13 | 13 | 2-1, 2-2, 2-4, 2-5, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10 |
| 2010-11 | എൽ.എഫ്.ഐ-12/280/ 13/17.04.13 | 9 | 2-1, 2-2,3-1,3-2,3-3,3-5, 3-6,3-8,3-9,3-10 |
| 2011-12 | എൽ.എഫ്.ഐ-12/280/ 13/17.04.13 | 30 | 2-1, 2-2, 2-3, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13,3-14, 3-15, 3-16, 3-17,3-18, 3-19,3-20, 3-21,3-22, 3-23, 3-24, 3-25, 3-26, 3-27 |
| 2012-13 | എൽ.എഫ്.ഐ-12/179/ 15/11.02.15 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-12/974/2015 | 9 | 2-1, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/621/2016 | 14 | 2-1, 2-2, 2-3,3-1,3-2, 3-3, 3-4, 3-5,3-6,3-7,3-8,3-9, 3-10, 3-11 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-12/1362 /2016/തീ. 07.10.16 | 14 | 2-1, 2-2, 2-3, 2-4, 2-5,2-6, 3-1, 3-2, 3-3, 3-4, 3-5,3-6,3-7, 3-8 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-12/139/17/തീ. 17.08.17 | 7 | 2-1, 2-2,2-3, 3-1, 3-2, 3-3, 3-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-12/1315/18/തീ. 28.12.18 | 16 | 2-1, 2-2, 2-3,3-1,3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ- 12/ 864/2019 തീ. 04.12.2019 | 31 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 4-8, 4-9, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്